# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി10/464/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെഡിഎംപി10/464/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ , ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജ്യോതിലക്ഷ്മി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ ഡി മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ലിറ്റി തോമസ് | സെക്രട്ടറി | 01-04-2021 | 24-01-2022 |
| ശ്രീ രഞ്ജിത്ത് എം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-01-2022 | 30-01-2022 |
| ശ്രീമതി ലിറ്റി തോമസ് | സെക്രട്ടറി | 31-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കൃഷ്ണകുമാർ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ളായിക്കാട് | 01-04-2021 | 31-03-2022 |
| ശ്രീ അനൂപ് പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പായിപ്പാട് | 01-04-2021 | 31-03-2022 |
| ഡോ ടെസ്സി മാത്യു | വെറ്ററിനറി സർജൻ | 01-04-2021 | 25-11-2021 |
| ഡോ.ജേക്കബ് മാത്യു | വെറ്ററിനറി സർജൻ | 26-11-2021 | 05-02-2022 |
| ഡോ സരിത തങ്കച്ചൻ | വെറ്ററിനറി സർജൻ | 06-02-2022 | 31-03-2022 |
| ശ്രീമതി ഫസ്‌ലീന എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലതികുമാരിയമ്മ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.അന്ന മാത്യു | ഐ സി ഡി എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ അസ്ജാദ് എം എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ഗായത്രി ബി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.സാലി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.ബീന കെ ദാസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.രഞ്ജിത്ത് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ജോളി പി ജോസഫ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 06-12-2021 |

| | | | |
|---|---|---|---|
| ശ്രീ മനോജ് പി ജെ | ഹെഡ്മാസ്റ്റർ | 29-12-2021 | 31-03-2022 |
| ശ്രീമതി ജയലക്ഷ്മി എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബാങ്ക് റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കിയില്ല. | 1-11 |
| 12 | ബാങ്ക് ചാർജ്ജസ് ഈടാക്കുന്നു. | 1-12 |
| 13 | വസ്തുനികുതി തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല | 1-14 |
| 15 | വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല. | 1-15 |
| 16 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക നിലനിൽക്കുന്നു. | 1-16 |
| 17 | തൊഴിൽനികുതി ഈടാക്കിയില്ല. | 1-17 |
| 18 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-18 |
| 19 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാതെ പ്രവർത്തിക്കുന്നു. | 1-19 |
| 20 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-20 |
| 21 | വാടക - കുടിശ്ശികയിനത്തിൽ 168120 രൂപ ഈടാക്കാനവശേഷിക്കുന്നു. | 1-21 |
| 22 | ലേലം - 200000 രൂപ കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നു | 1-22 |
| 23 | അനധികൃത നിർമ്മാണം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-23 |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി | 1-24 |
| 25 | ഭക്ഷ്യസാധനങ്ങളുടെ വിലയിനത്തിൽ സപ്ലൈക്കോ ഷോപ്പിന് അധികം നൽകിയ തുക നാളിതുവരെ തിരികെ ലഭിച്ചില്ല. | 1-25 |
| 26 | പാലിന് ഇൻസെന്റീവ് നൽകൽ - അധികം തുക നൽകി | 1-26 |

| | | |
|---|---|---|
| 27 | പാലിന് സബ്സിഡി നൽകൽ - അക്കൗണ്ട് നമ്പരിന്റെ കൃത്യത വ്യക്തമല്ല | 1-27 |
| 28 | നെൽ കർഷകർക്ക് പ്രൊഡക്ഷൻ ബോണസ് - തുക വിതരണം -ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-28 |
| 29 | പാടശേഖരങ്ങൾക്ക് നെൽ വിത്ത് വാങ്ങൾ - സബ്സിഡി - നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-29 |
| 30 | തെരുവ് വിളക്ക് മെയിന്റനൻസ്- കരാർജീവനക്കാർക്ക് വേതനം- അധിക തുക ചെലവഴിച്ചു | 1-30 |
| 31 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി വ്യത്യസ്ത നിരക്കിൽ പ്രോജക്ട് തയ്യാറാക്കി | 1-31 |
| 32 | പി എച്ച് സി യിലേയ്ക്ക് കംപ്യൂട്ടർ,പ്രിന്റർ വാങ്ങൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-32 |
| 33 | എഫ് എച്ച് സി യിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ- പ്രവൃത്തി പൂർത്തിയായില്ല. | 1-33 |
| 34 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല. | 1-34 |
| 35 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-35 |
| 36 | മൃഗാശുപത്രിയ്ക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല. | 1-36 |
| 37 | അഗതി രഹിത കേരളം- വികസനഫണ്ട് ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിയ്ക്കുന്നു. | 1-37 |
| 38 | എൽ എസ് ജി ഡി ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ- അപാകതകൾ | 1-38 |
| 39 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക കൈമാറി.പൂർത്തീകരണ വിവരം ലഭ്യമല്ല | 1-39 |
| 40 | പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-40 |
| 41 | പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-41 |
| 42 | പൈപ്പ് ലൈൻ ദീർഘീകരണം - പൂർത്തീകരണവിവരമില്ല | 1-42 |
| 43 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല | 1-43 |
| 44 | **ക്ലീൻ** കോട്ടയം --ഗ്രീൻ കോട്ടയം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-44 |
| 45 | പഠനമുറി -പൂർത്തിയാക്കിയിട്ടില്ല | 1-45 |
| 46 | വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-46 |
| 47 | ഹരിത കർമ്മസേന- സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ | 1-47 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലനം – 59920 രൂപയുടെ വിനിയോഗ വിവരം ലഭ്യമാകാനവശേഷിക്കുന്നു | 1-48 |

| | | |
|---|---|---|
| 49 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ബ്ലോക്ക് വിഹിതം പൂർണ്ണമായും ചെലവഴിക്കാഞ്ഞതിനാൽ തുക നഷ്ടപ്പെട്ടു | 1-49 |
| 50 | ഡി പി സി കെട്ടിടനിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 1-50 |
| 51 | ഐ കെ എം വിഹിതം ന**ൽകൽ** - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-51 |
| 52 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല | 1-52 |
| 53 | ആസൂത്രണസമിതി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-53 |
| 54 | ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 1-54 |
| 55 | സി.എഫ് .എൽ .റ്റി.സി/ഡി.സി.സി -നടത്തിപ്പ് സംബന്ധിച്ച് | 1-55 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിന് ഇൻസെന്റീവ് നൽകൽ - അധികം തുക നൽകി | 3-1 |
| 2 | തെരുവ് വിളക്ക് മെയിന്റനൻസ്- കരാർജീവനക്കാർക്ക് വേതനം- അധിക തുക ചെലവഴിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം (സുലേഖ ചെലവ് പത്രിക പ്രകാരം) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.03.2022 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 13814370 | 17935950 |
| വരവ് | 133042168 | 76496271 |
| ആകെ | 146856538 | 94432221 |
| ചെലവ് | 131965000 | 76897269 |
| നീക്കിയിരിപ്പ് | 14891538 | 17534952 |

പുതുക്കിയ ബജറ്റ് പ്രകാരം 13.30കോടി രൂപയുടെ പ്രതീക്ഷിത വരവും13.19 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 125049099 രൂപയും ചെലവ് 122381274 രൂപയുമാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.06.2022ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 17935950 രൂപയും തൻവർഷ വരവ് 76496271 രൂപയും -തൻവർഷചെലവ് 76897269 രൂപയും വർഷാവസാന നീക്കിയിരിപ്പ് 17534952-യും ആകുന്നു. 2021-22 തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 12.50 കോടി രൂപയും ആകെ ചെലവ് 12.23 കോടിരൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല.
3. ലോൺ തിരിച്ചടവിനായി തൻവർഷം സ്രോതസിൽ കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ട് തയ്യാറാക്കി ക്രമീകരിയ്ക്കാത്തതിനാൽ വാർഷികകണക്കിൽ ( ബി-5 പട്ടിക പ്രകാരം) ലോൺ തിരിച്ചടയ്ക്കാൻ അവശേഷിയ്ക്കുന്നതായി സൂചിപ്പിച്ച തുക കൃത്യമല്ല.

4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. RP-10 പട്ടികയിലെ തുകകളുടെ കൃത്യത വ്യക്തമാക്കിയിട്ടില്ല
7. Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.
8. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
9. Prior Period ആയി ക്രമീകരിച്ച തുകകൾക്ക് അടിസ്ഥാന രേഖകളുടെ പിൻബലമില്ല.
10. Reconsiliation കൃത്യമാക്കാത്തതിനാൽ RP(40)b-ലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല
11. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സമർപ്പിക്കാതിരുന്നതിനാൽ B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
12. നിക്ഷേപ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
13. ബ്ളോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഐ.കെ.എം, ഐ6 , RP7, എന്നിവയിൽ വ്യത്യസ്ത തുകയാണ് സൂചിപ്പിയ്ക്കുന്നത്.

14.ഓഡിറ്റ് റിക്കവറിയിനത്തിൽ 2021-22 വർഷം ലഭ്യമായ 50/- രൂപ വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ വരവ് വെച്ചിട്ടില്ല.

15. നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

16.തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17935950 |
| ഓഡിറ്റ് വർഷത്തെ വരവ് | 76496271 |
| ആകെ | 94432221 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76897269 |
| നീക്കിയിരിപ്പ് | 17534952 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29983 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7556929 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന | 0 | 14942000 | 14942000 | 14802436 | 139564 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-ജനറൽ | | | | | | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7936900 | 7936900 | 7192130 | 744770 | 91 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 8123536 | 8123536 | 4242748 | 3880788 | 53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 4557180 | 4557180 | 3580394 | 976786 | 79 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 6436694 | 6436694 | 5387212 | 1049482 | 84 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11864706 | 11864706 | 10431234 | 1433472 | 87 |
| എൻ ആർ ഇ ജിഎ | 124987 | 20578100 | 20703087 | 20701812 | 1275 | |

1.വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റ് തുക വികസന ഫണ്ട് എസ് സി പി അലോട്ട്മെന്റ് തുക ആയതിൽ ജി.ഓ പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സുലേഖ ചെലവ് പ്രകാരമുള്ള വരവു -ചെലവു കണക്ക് കൃത്യമല്ല. 9.84 ലക്ഷംരൂപ ഓഡിറ്റ് വർഷം ചെലവഴിയ്ക്കാനാകാതെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പോയിട്ടുണ്ട്.

2.വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

3. ഐസിഡിഎസ് ഫണ്ട് , സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) എന്നിവ യുടെ വരവ്, ചെലവ് നീക്കിയിരുപ്പ് എന്നിവയിൽ വ്യത്യാസം പ്രതിഫലിയ്ക്കുന്നു. അയതിനാൽ ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. 31/03/ 2022 ലെ സ.ഉ(സാധ) നം. 2617/2022 ധന ഉത്തരവ് പ്രകാരം ജനറൽ, മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്- റോഡ് എന്നീ ഇനങ്ങളിൽയഥാക്രമം 743900, 432000,1067706രൂപ വീതം അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ അലോട്ട് ചെയ്ത തുക പഞ്ചായത്തിന് വരവായി ലഭിയ്ക്കാത്തതിനാൽഗ്രാന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ഉൾപ്പെടാതെയാണ് മേൽ പട്ടിക തയ്യാറാക്കിയിരിയ്ക്കുന്നത്.

## 1-5 വാർഷികപദ്ധതി

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതിക്ക് 18.02.2021ലെ 2(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022 ലെ ഉത്തരവ് നം.818981/ 21/ DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്.21.01.2021ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതിരൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 21.01.2021 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 30.01.2021 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 4.02.2021-10.02.2021 |
| വികസനസെമിനാർ | 15.02.2021 |

വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ174പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 145പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ197482399രൂപ വകയിരുത്തിയതിൽ 53911675 രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 28 ശതമാനം മാത്രമാണ്.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 174 | 145 | 197482399 | 53911675 | 28 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 9 | 7690050 | 2722701 | 36 |
| വെറ്ററിനറി സർജൻ | 8 | 8 | 3224000 | 2203298 | 69 |
| മെഡി.ഓഫീസർ, പി.എച്ച്.സി | 7 | 7 | 3777500 | 3322161 | 88 |
| മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 90000 | 90000 | 100 |
| മെഡി.ഓഫീസർ,ആയുർവേദം | 2 | 2 | 232000 | 231354 | 99 |
| വി.ഇ.ഒ- | 27 | 23 | 130401566 | 12229024 | 10 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 8 | 7 | 7374930 | 6846027 | 93 |
| സെക്രട്ടറി | 31 | 24 | 15278735 | 7198594 | 47 |
| അസി.എൻജിനീയർ | 70 | 57 | 25391061 | 16189675 | 73 |
| ഹെഡ്മാസ്റ്റർ | 2 | 2 | 1622557 | 1426253 | 98 |
| ക്ഷീരവികസന ഓഫീസർ | 3 | 3 | 1800000 | 862588 | 48 |
| അസി.സെക്രട്ടറി | 2 | 2 | 600000 | 590000 | 90 |
| ആകെ | 174 | 145 | 197482399 | 53911675 | 28 |

അസി.എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ-

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന70പ്രോജക്ടുകളിൽ 2എണ്ണം സ്പിൽ ഓവർപ്രോജക്ടുകളായിരുന്നു. ആയതിൽ സ്പിൽ ഓവർപ്രോജക്ടുകൾ ഉൾപ്പെടെ 57പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും തൃപ്തികരമായരീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. റോഡ് വർക്കുകളിൽ ഒരേ റോഡ് തന്നെ ചെറിയ റീച്ചുകളായി വിഭജിച്ച് ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് ടെൻഡർനടപടികളും പ്രത്യേകമായി നടത്തപ്പെടുന്നതിനാൽ കൂടുതൽ സമയവും മനുഷ്യദിനങ്ങളും നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 2473 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 404 പ്രവ്യത്തികളാണ് വിഭാവനം ചെയ്തത്. 239 പ്രവ്യത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 186 പ്രവ്യത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 52723 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 996 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മണ്ണ് , ജല സംരക്ഷണ പ്രവർത്തികൾ അടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ്ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 124987 | |
| വരവ് | ഇ എഫ് എം എസ് വരവ് | 19145377 | 20703087 |
| | മറ്റ് വരവ് , ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 1432723 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 343300 | 20701812 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 18802077 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ്,100 ദിവസ അലവൻസ് ഉൾപ്പെടെ) | 1556435 | |
| നീക്കിയിരിപ്പ് | | 1275 | |

തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

2021-22 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 26810200 | 2014 |
| കർഷകതൊഴിലാളി പെൻഷൻ | 9824300 | 695 |
| വിധവാപെൻഷൻ | 12725200 | 858 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 435000 | 31 |
| വികലാംഗപെൻഷൻ | 4466000 | 302 |

1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 17/03/2023-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 114034/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു. 1.04.2022മുതൽ ILGMS സംവിധാനമാണ്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2022 | 07/21 - 12/21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 - 18.03.2016 | 2010-11 To 2014-15 | LBA(HQ) II/8A-2418 തീയതി 10.05.2016 |

1-11 ബാങ്ക് റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 04/2022 മുതൽ 1/2023 വരെയുള്ള പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.മേൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വസിഷൻ (നം.1/17.03.2023) മറുപടി ലഭ്യമാക്കിയില്ല. 01/2023വരെയുള്ള ബാങ്ക് റീകൺസിലിയേഷൻ പത്രിക (വിവിധ ട്രഷറി അക്കൗണ്ടുകളുടെ ഉൾപ്പെടെ) പൂർണ്ണമായ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/22.03.2023) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ട് അക്കൗണ്ട് (പായിപ്പാട് സഹകരണ ബാങ്ക്) ഒഴികെ മറ്റ് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടപടികൾ പൂർത്തിയായതായി അറിയിച്ചു.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ചട്ടം 57 പ്രകാരം ബാങ്ക് റീകൺസിലേഷൻ പത്രിക എല്ലാ മാസവും അഞ്ചാംതീയതിക്ക് മുമ്പായി തയ്യാറാക്കേണ്ടതാണ്.ബാങ്ക് റീകൺസിലിയേഷൻ ചട്ടപ്രകാരമുള്ള സമയപരിധിയിൽ പൂർത്തീകരിക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സത്വരശ്രദ്ധ വിഷയത്തിൽ ക്ഷണിക്കുന്നു.

1-12 ബാങ്ക് ചാർജ്ജസ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം ബാങ്ക് ചാർജ്ജസ് ശീർഷകത്തിൽ (240700101) 7640 രൂപ ചെലവുള്ളതായി കാണുന്നു.പഞ്ചായത്ത് ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജസ് ശീർഷകത്തിൽ തുക കുറവ് ചെയ്യുന്ന സാഹചര്യം വിശദീകരിക്കാനും മേൽ ശീർഷകത്തിന്റെ 2021-22 വർഷത്തെ ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/21.03.2023) ലഭ്യമാക്കിയ മറുപടിയിൽ പായിപ്പാട് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നെഫ്റ്റ് ട്രാൻസ്ഫറിന്റെ ഭാഗമായാണ് ബാങ്ക് ചാർജ്ജ് ഈടാക്കുന്നതെന്നും ആയത് ഒഴിവാക്കാനാകില്ലെന്നും അറിയിച്ചു.വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ബാങ്ക് ചാർജ്ജസ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വസ്തുനികുതി തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു

ഓഫീസ് ഉപയോഗത്തിനായി വിതരണം ചെയ്തിട്ടുള്ള 22421 നമ്പർ രസീത് ബുക്ക് പ്രകാരം 28/02/22 പ്രകാരം വസ്തുനികുതി പിരിവെടുത്തിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | രസീത് നമ്പർ | കെട്ടിട നമ്പർ / ഉടമ | അടവാക്കിയ തുക | കാലയളവ് |
|---|---|---|---|---|
| 1 | 22421/1 | 6/32 പ്രദീപ് പുതുപ്പറമ്പിൽ | 676/- | 2020-21 |
| 2 | 22421/2 | 6/104 A സീത പുതുപ്പറമ്പിൽ | 719/- | 2020-21 |
| 3 | 22421/3 | 6/23 പ്രദീപ് പുതുപ്പറമ്പിൽ | 1492/- | 2020-21 |
| 4 | 22421/1 | 6/102 തോമസ് കുട്ടി സെബാസ്റ്റ്യൻ തോപ്പിൽ | 613/- | 2019-2022 |
| ആകെ | | | 3500/- | |

മേൽ തുകകൾ 28/02/22 ഡേ ബുക്ക് പ്രകാരം മറ്റിനങ്ങൾ ശീർഷകത്തിലാണ് വരവ് വെച്ചിരിക്കുന്നത്.കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഒടുക്ക വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/22.03.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ തുകകൾ സാംഖ്യയിൽ വസ്തു നികുതി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതായും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഒടുക്ക വിവരങ്ങൾ രേഖപ്പെടുത്തിയതായും അറിയിച്ചു.വരവ് തുകകളുടെ അക്കൗണ്ടിങ്ങിലെ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.കൂടാതെ വസ്തുനികുതി പിരിവ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

1-14 വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6(3) പ്രകാരം 250 ച.മീ ന മുകളിൽ വരുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15 % വർദ്ധന വരുത്താവുന്നതാണ്.ഗ്രാമപഞ്ചായത്തിലെ

2021-22 അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല. തറയുടെ തരം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഫാറം 6-ലോ ഫയലിലോ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ പരിശോധിച്ചതിൽ കുറഞ്ഞ തരം തറ എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയാണ് ചെയ്തത്.

| ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം(ച മീ) |
|---|---|---|---|---|
| 1 | 505/C | ഫിലിപ്പ് ആന്റണി | പാർപ്പിടാവശ്യം | 259.16 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.03.23) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയതായി അറിയിച്ചു. വ്യക്തമായ രേഖകൾ ലഭ്യമാക്കി സ്ഥലപരിശോധന നടത്തി ആവശ്യമെങ്കിൽ വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വസ്തുനികുതി നിർണ്ണയം - റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20 % വർദ്ധന വരുത്താവുന്നതാണ്.ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമ | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം(ച മീ) |
|---|---|---|---|---|---|
| 1 | 10/2 | വി രാധാകൃഷ്ണൻ | കവിയൂർ ചങ്ങനാശ്ശേരി റോഡ്(5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം | 112.06 |
| 2 | 10/141 | ഷാജഹാൻ റ്റി എ | കവിയൂർ ചങ്ങനാശ്ശേരി റോഡ്(5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം | 127 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21.03.2023) വസ്തു നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.വസ്തുനികുതി നിർണ്ണയം കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക നിലനിൽക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ | ഉടമസ്ഥത | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 10/94 | ടവർ വിഷൻ ഇൻഡ്യ | 2019-2020 മുതൽ 2021-22 വരെ | 14919 |
| 2 | 10/468 | റിലയൻസ് ഇൻഫോടെൽ | 2010-2011 മുതൽ 2021-22വരെ | 19232 |
| 3 | 11/64-1 | ഇൻഡസ് ടവേർസ് | 2021-22 | 5520 |
| 4 | 14/255 A | റിലയൻസ് ഇൻഫോടെൽ | 2020-2021 മുതൽ 2021-22 വരെ | 8280 |

കുടിശ്ശിക ഈടാക്കുന്നത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/20.03.2023) മറുപടി ലഭ്യമാക്കിയില്ല.മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽനികുതി ഈടാക്കിയില്ല.

2021-22 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വിവിധ അക്ഷയ കേന്ദ്രങ്ങൾ / ജനസേവന കേന്ദ്രങ്ങൾ | 1,2 |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ (വെള്ളാപ്പള്ളി,പി സി കവല) | 2 |
| 3 | സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്ക് | 1,2 |

| | | |
|---|---|---|
| 4 | പൗർണ്ണമി ഫ്യൂവൽസ് പായിപ്പാട് | 1,2 |
| 5 | മാവേലി സ്റ്റോർ പായിപ്പാട് | 1,2 |
| 6 | ബി എസ് എൻ എൽ പായിപ്പാട് | 1,2 |
| 7 | വടക്കേ മുറിയിൽ ഫിനാൻസ് | 1,2 |
| 8 | അർജ്ജുൻ ഫില്ലിംഗ് സ്റ്റേഷൻ | 1,2 |

കൂടാതെ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എസ് ബി ഐ പായിപ്പാട് | 1,2 |
| 2 | വടക്കേ മുറിയിൽ ഫിനാൻസ് | 1,2 |
| 3 | മാവേലി സ്റ്റോർ പായിപ്പാട് | 1,2 |
| 4 | സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്ക് | 1,2 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/21.03.23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി /സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസിന് അപേക്ഷ നൽകിയിട്ടില്ല. KPR നിയമവും ചട്ടങ്ങളും സെക്ഷൻ 232 പ്രകാരം ലൈസൻസ് ഇല്ലാതെ പ്രത്യേക ആവശ്യത്തിനായി സ്ഥലങ്ങൾ ഉപയോഗിയ്ക്കാൻ പാടില്ല എന്ന് നിഷ്കർഷിയ്ക്കുന്നു.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അർജ്ജുൻ ഫില്ലിംഗ് സ്റ്റേഷൻ |
| 2 | പൗർണ്ണമി ഫ്യൂവൽസ് |
| 3 | ക്ഷീരോദ്പാദക സഹകരണസംഘം , നാലുകോടി |
| 4 | ക്ഷീരോദ്പാദക സഹകരണസംഘം , പായിപ്പാട് |

| | |
|---|---|
| 5 | ക്ഷീരോദ്പാദക സഹകരണസംഘം , വെള്ളാപ്പള്ളി |
| 6 | ക്ഷീരോദ്പാദക സഹകരണസംഘം , പി.സി.കവല |
| 7 | റ്റോഡി ഷോപ്പ് നം. 26 |
| 8 | റ്റോഡി ഷോപ്പ് നം. 27 |
| 9 | മാവേലി സ്റ്റോർ, പായിപ്പാട് |
| 10 | പഞ്ചായത്ത് പരിധിയിലുള്ള പൊതു വിതരണ കേന്ദ്രങ്ങൾ |

2.ലൈസൻസ് ഫീസ് ഒടുക്കാത്ത സ്ഥാപനങ്ങൾ

ലൈസൻസ് ഫീസ് ഒടുക്കുന്നതിനായി കത്ത് നൽകിയിട്ടും ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | ദി ലെമൺ ടീ | ജസ്വിൻ മാത്യൂസ്<br>കല്ലുവേലിൽ<br>ചീരംചിറ |
| 2 | ഈശ്വരി ടെക്സ്റ്റയിൽസ് | രാജേഷ്.ജെ<br>പാറക്കുളം<br>പെരുന്ന |
| 3 | വി.ജെ.ജെ ജനറൽ സ്റ്റോർ | അബ്രഹാം വി.ഒ<br>വരത്രപള്ളത്ത് |
| 4 | പയ്യംമ്പള്ളിൽ സ്റ്റോഴ്സ് | പി.സി.ശമുവേൽ<br>പയ്യംമ്പള്ളിൽ<br>പെരുന്ന |
| 5 | വൈറ്റ് പേൾ ട്രേഡിംഗ് കമ്പനി | ഷെർവിൻ ജേക്കബ്ബ്<br>പുത്തൻപുരയ്ക്കൽ<br>ആനിക്കാട് |
| 6 | പുതുപ്പറമ്പിൽ സ്റ്റോഴ്സ് | ഷാനവാസ് .പി.എസ്<br>പുതുപ്പറമ്പിൽ<br>പള്ളിക്കച്ചിറ |
| 7 | എസ്.ആർ.ഫാൻസി | രഹന.ടി. അസീസ്<br>കുന്നപ്പള്ളിൽ<br>പി.സി.കവല |
| 8 | റീമ മെഡിക്കൽസ് | അനൂപ് റഷീദ്<br>ഇല്ലംമ്പള്ളിൽ<br>ചങ്ങനാശ്ശേരി |
| 9 | ജോ ഓട്ടോ ഇലക്ട്രിക്കൽസ് | ജോഷ് മോൻ സേവ്യർ<br>ആലുംമൂട്ടിൽ<br>പി.സി.കവല |
| 10 | ടീം എഞ്ചിനിയറിംഗ് സർവ്വീസ് | നാൻസി പീറ്റർ |

| | | |
|---|---|---|
| | | തേവേലിക്കര<br>കോട്ടൂർ |
| 11 | പി.എ.റബ്ബേഴ്സ് | പി.അനിൽകുമാർ<br>നാരായണവിലാസം |
| 12 | ആര്യ ഹോട്ടൽ | റ്റി.റ്റി.അപ്പുക്കുട്ടൻ<br>തോട്ടുങ്കൽ<br>മാടപ്പള്ളി |
| 13 | ജ്ജവൽ സ്റ്റോഴ്സ് | സാജൻ കുര്യൻ<br>ഈട്ടുപാറയിൽ<br>പെരിങ്ങര |
| 14 | എസ് & എസ് ഏജൻസീസ് | ഷോജൻ.ജെ.ചെറിയാൻ<br>ളാകയിൽ<br>നാലുകോടി |
| 15 | അൽഫോൺസ എഞ്ചിനീയറിംഗ് വർക്സ് | തോമസ്.കെ<br>കൊട്ടയ്ക്കാട്<br>പനച്ചിക്കാട് |
| 16 | മേരിമാത സ്റ്റോർ | തോമസ് ജോൺ<br>തെക്കേക്കര ഹൗസ്<br>നാലുകോടി |
| 17 | ലാൽ ഹയറിംഗ് സർവ്വീസ് | ജോസഫ് തോമസ്<br>പ്ലാന്തോപ്പിൽ<br>നാലുകോടി |
| 18 | ഗോൾഡൻ ഡെക്കർ ഹൗസ് | ആന്റണി.പി.എം<br>പുതുപ്പറമ്പ്<br>നാലുകോടി |
| 19 | മോയ് ഫാബ് എക്സ്പെർട്ടേഴ്സ് | സിമിലി.എം.സുധീർ<br>പൂരാലിൽ<br>പള്ളിയ്ക്കച്ചിറ |
| 20 | ബ്രാന്റ് സ്റ്റോർ | ബീന ബെർട്ടി<br>ആശിർവാദ്<br>പൊടിയാടി |
| 21 | ചിത്രാഞ്ജലി സ്റ്റുഡിയോ | ജോൺസൺ ജോൺ<br>കൊച്ചുമലയിൽ<br>കുറ്റപ്പുഴ |
| 22 | സി.പി.സ്റ്റോഴ്സ് | ഉഷ ശശികുമാർ<br>ചിറയത്ത് വീട് |

| | | |
|---|---|---|
| | | മാടപ്പള്ളി |
| 23 | ഇമ്മാനുവൽ സ്റ്റോഴ്സ് | സാജൻ ജോസഫ് നാലുകോടി പി.ഒ പായിപ്പാട് |
| 24 | കടന്തോട് കളർ വേൾഡ് | ലൈജു.കെ.മാത്യു കടന്തോട് ഹൗസ് നാലുകോടി |
| 25 | കുടത്തേട്ട് ചിക്കൻ സെന്റർ | ജോമോൻ ജോസഫ് കുടത്തേട്ട് വീട് നാലുകോടി |
| 26 | സാഗര ട്രേഡ് ലിങ്ക്സ് | സുധീഷ്കുമാർ.എസ് പടിഞ്ഞാറേതിൽ പൊടിയാടി |
| 27 | ടി.കെ. അസോസിയേറ്റ്സ് | ലേഖമോൾ ടി.എം തലക്കുളത്ത് പാലയ്ക്കാത്തകിടി |
| 28 | ടേയ്സ്റ്റി പാർക്ക് ബേക്കറി | സോണി ജോസഫ് പാലത്തുങ്കൽ തൃക്കടിത്താനം |
| 29 | രാജ് കിച്ചൺ | രഞ്ജിത് കെ.ആർ കുമ്പളവേലിയിൽ |
| 30 | ഗ്ലോബൽ ലിങ്കേജ് സൂപ്പർമാർക്കറ്റ് | മുഹമ്മദ്ഷഫീഹ് ഷാജി മൻസിൽ & ഡാലിയ ബീഗം തോപ്പിൽ |

ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പുതുക്കി നൽകുമ്പോൾ, യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഫീസ് ഒടുക്കി ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

1-19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില പാരാമെഡിക്കൽ സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം3 , ചട്ടം 4 എന്നിവ പ്രകാരം രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ

ചെയ്തിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഹൈലാബ് ക്ലിനിക്കൽ ലബോറട്ടറി |
| 2 | അർപ്പിത മെഡികെയർ & ചിൽഡ്രൻസ് ക്ലീനിക് |
| 3 | അർപ്പിത ഡെന്റൽ കെയർ ആന്റ് ഓർത്തോഡോന്റിക് സെന്റർ |
| 4 | ട്രൂ സ്മൈൽ ഫാമിലി ഡെന്റൽ ക്ലീനിക്, നെല്ലിത്താനത്ത് |
| 5 | സെന്റ് റീത്താസ് ഹോസ്പിറ്റൽ |

ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 39/ 22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ചട്ട പ്രകാരം പഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തി അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ കോഴി വളർത്തൽ ഷെഡ് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിട നമ്പറുകളിൽ 2021-22 വർഷം ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | വാർഡ് /കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | I / 49 | കുര്യാക്കോസ് സ്കറിയ, പ്ലാമൂട്ടിൽ |
| 2 | II / 367 A | ബിജു തോമസ്, കുഴിമണ്ണിൽ തെക്കേതിൽ |
| 3 | V/ 138 A | ജോർജ്ജികുട്ടി സ്കറിയ, കൈനിക്കര |
| 4 | 10 / 25 A | ഭവാനി ദേവി, തുളസി മന്ദിരം |
| 5 | 12 / 146 A | ജെയിംസ് കെ.ജെ., കിഴക്കേകാവിലായ |
| 6 | 12 / 479 A | റെജി.സി.ആന്റണി, ചിറവാലയിൽ |
| 7 | 13 / 118 A | കോര, തെക്കേതിൽ |
| 8 | 13/ 338 B | വിനോദ്കുമാർ, വടക്കേപറമ്പിൽ |
| 9 | 14/ 47,48 | വി.ജെ. ആന്റണി, വെട്ടിക്കാട്ട് |

| | | |
|---|---|---|
| | | എർണാകേരിൽ |

ടി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം43/ 22.03.2022)മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

1-21 വാടക - കുടിശ്ശികയിനത്തിൽ 168120 രൂപ ഈടാക്കാനവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വാടക ഇനത്തിൽ 168120 രൂപ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാടക കുടിശ്ശിക ഇനം | തുക |
|---|---|
| തൻവർഷ വാടക ഇനത്തിൽ ലഭിക്കാനുള്ള തുക | 119628 |
| വാടക ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക | 48492 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/18.03.23) നൽകിയ മറുപടി പ്രകാരം 10 -ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 2 മുറികളാണ് (415 E, 415 A) മുൻവർഷങ്ങളിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇതിൽ 415 E നമ്പർ മുറി 2016 -17 കാലയളവ് വരെ മാത്രമേ വാടകയ്ക്ക് നൽകിയിരുന്നുള്ളൂ. ആയുർവേദ ആശുപത്രിയ്ക്ക് സൗകര്യം കുറവായതിനാൽ ടി കെട്ടിടം ആശുപത്രി ആവശ്യങ്ങൾക്കാണ് നിലവിൽ ഉപയോഗിക്കുന്നത്. 415 A നമ്പർ മുറി 2015 -16 മുതൽ 2019 – 20 വരെ കെ.എസ്.ഇ.ബി ലിമിറ്റഡിന് വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും നാളിതുവരെ വാടക ഒടുക്കിയിട്ടില്ല. നിലവിൽ കുടുംബശ്രീ ഹോട്ടൽ പ്രവർത്തിക്കുന്നു. രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ 2019-20 ന ശേഷം കെട്ടിട വാടകയിനത്തിൽ തുക ലഭിക്കാനില്ലാത്ത സാഹചര്യത്തിൽ 2021-22 ലെ വാർഷിക കണക്ക് പ്രകാരം തൻവർഷ കുടിശ്ശികയിനത്തിൽ തുക വന്നത് എങ്ങനെയെന്ന് വ്യക്തമല്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-22 ലേലം - 200000 രൂപ കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ പൊതു മാർക്കറ്റിൽ 2019-20 വർഷത്തേക്കുള്ള മാംസ വ്യാപാരം നടത്തുന്നതിനുള്ള അവകാശം 06/06/2019ൽ നടന്ന ലേലത്തിലൂടെ ലഭിച്ച ശ്രീ. മുഹമ്മദ് സലിം, ചന്ദനപറമ്പിൽ , പായിപ്പാട് എന്ന വ്യക്തി നാളിതുവരെ ലേലതുക പൂർണ്ണമായും ഒടുക്കിയിട്ടില്ല . കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 03/2021-22,തീയതി -18/03/23 ) ഒടുക്കുവാൻ അവശേഷിക്കുന്ന തുക പലിശ ഉൾപ്പെടെ 200000 രൂപ ഒടുക്കുന്നതിന് നോട്ടീസ് നൽകിയപ്പോൾ ടിയാൻ മുൻസിഫ് കോടതിയിൽ 141/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കോടതിയുടെ അന്തിമ വിധി അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 അനധികൃത നിർമ്മാണം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ലൈസൻസിനുള്ള അപേക്ഷ പരിശോധിച്ചതിൽ 15 -ാം വാർഡിലെ റേച്ചൽ ജോർജ്ജ്, മാങ്കുളങ്ങര, ളായിക്കാട് എന്ന വ്യക്തിയുടെ പേരിലുള്ള 50 B നമ്പരായ ( വിസ്തീർണ്ണം26 $M^2$ ) വാണിജ്യ

കെട്ടിടത്തിനോട് ചേർന്ന് അനധികൃത നിർമ്മാണം (പഞ്ചായത്തി രാജ് ചട്ടങ്ങളുടെ ലംഘനം 220 ബി) നടത്തിയതിയതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ലായെന്ന് കാണുന്നു. ടി നിർമ്മാണം അനധികൃത നിർമ്മാണമായി കണക്കാക്കി നിയമപ്രകാരം പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/ 22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 90 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലെ ലാപ് ടോപ്പ് വാങ്ങി നൽകി

| | |
|---|---|
| പ്രോജക്ട് | 37/22 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| നിർവ്വഹണോദ്യാഗസ്ഥന് | ഹെഡ് മാസ്റ്റർ, ഗവ.യുപി സ്കൂൾ |
| അടങ്കൽ | 900000 വികസനഫണ്ട് |
| ചെലവ് | 703696 |
| ബിൽ നമ്പർ | 2/23.03.22 |

പ്രോജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി എസ് സി ഫണ്ട് അടങ്കലായി പ്രോജക്ട് തയ്യാറാക്കി 16 കുട്ടികൾക്ക് 43981 രൂ പ നിരക്കിൽ 703696/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും KITE _ GNU_Linux 20.4 മോഡൽ ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. 20-1-2020 ലെ ഡിഎ1/363/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷനിലുള്ള വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പിന് 27722/-രൂപയും ഉബുണ്ടു അധിഷ്ഠിതമായതിന് 22895/- രൂപയുമാണ് അനുവദിച്ചിരുന്നത്. കൂടാതെ 20-10-2020ലെ സർക്കുലർ നം ഡിഎ1/208/2020/തസ്വഭവ പ്രകാരം ഓൺലൈൻ പഠനത്തിനായി മിഡിൽലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് വാങ്ങി നൽകേണ്ടതില്ലായെന്നും ഏറ്റവും Base Model ആയ ലാപ് ടോപ്പ് വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിച്ചിരുന്നു. ഈ രീതിയിൽ കുറഞ്ഞനിരക്കിൽ Base Model കമ്പ്യൂട്ടർ വാങ്ങാൻ നിർദ്ദേശം ഉണ്ടായിരിക്കെ ഉയർന്ന നിരക്കിലും സ്പെസിഫിക്കേഷനിലുമുള്ള ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല. ഉയർന്ന നിരക്കിൽ ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി/സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിന് (നം-5/18/03/23) പ്രസ്തുത സമയത്ത് ബേസ് മോഡൽ ലാപ്പ് ടോപ്പ് ലഭ്യമല്ലാതിരുന്നതിനാലും GEM ൽ നിന്നും വാങ്ങുന്നതിന് 56000 രൂപ ആകുന്നതിനാലുമാണ് അഞ്ചു വർഷ വാറണ്ടി ലഭിക്കുന്നതിന് 17/03/22ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്ന് വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഉബണ്ടു അധിഷ്ഠിത ലാപ് ടോപ്പിന് പരമാവധി നൽകാവുന്ന നിരക്ക് 22895/-രൂപയാണ്. മേൽ ഉത്തരവ് പരിഗണിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധികം തുക ചെലവഴിക്കേണ്ടി വന്നു. 16 ലാപ് ടോപ്പുകൾക്ക് അധികമായി നൽകിയ 16x(43981-22895)= 337376/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 ഭക്ഷ്യസാധനങ്ങളുടെ വിലയിനത്തിൽ സപ്ലൈക്കോ ഷോപ്പിന് അധികം നൽകിയ തുക നാളിതുവരെ തിരികെ ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് | 1/22 അനുപൂരക പോഷകാഹാരം |
| അടങ്കൽ | പദ്ധതി വിഹിതം (ജനറൽ)-1300000<br>കേന്ദ്രവിഹിതം-1700000 |

| | |
|---|---|
| | തനത് ഫണ്ട് – 300000<br>ബ്ളോക്ക് വിഹിതം-100000<br>ജില്ലാപഞ്ചായത്ത്-400000 |
| ആകെ ചെലവ് | 3550000 |
| ചെലവ് | 356,647/- സെൻട്രൽ ഷെയർ |
| ചെക്ക് നം | 0581190/25.10.21 |
| ബിൽനം | 0505108/21484/11.09.21 |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ 27 അങ്കണവാടികളിൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തിരുന്നത് സപ്ലൈക്കോ പായിപ്പാട് ഔട്ട് ലെറ്റിൽ നിന്നായിരുന്നു. സെപ്തംബർ മാസത്തിൽ വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങളുടെ വില 356647/-രൂപ, ചെക്ക് മുഖേന 25.10.21ന് സ്ഥാപനത്തിന് നൽകിയിരുന്നു. തുക നൽകിയ വിവരം ഈ കാലയളവിൽ ചാർജ്ജ് വഹിച്ചിരുന്ന സൂപ്പർവൈസർ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയോ, ബിൽ സൂക്ഷിക്കുകയോ ചെയ്യാതിരുന്നത് മൂലം ചെലവഴിച്ച തുക വിവിധ ഫണ്ടിനങ്ങളിൽ നിന്ന് മൂന്ന് ബില്ലുകൾ (ബിൽനം 5/27.12.21 - 100000/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം), ചെക്ക് നം - 3491697/10.03.22 – 185,318/- രൂപ (സെൻട്രൽ ഷെയർ), ബിൽ നം 8/24.2.22 – 71329/-രൂപ ( എസ് സി പി പ്ലാൻഫണ്ട്), 100000 +185318+ 71329=356,647/-(രൂപ) പ്രകാരം വീണ്ടും സ്ഥാപനത്തിന് നൽകി. അധികം നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിന് സൂപ്പർവൈസർ പായിപ്പാട് ഷോപ്പ് മാനേജർക്ക് കത്ത് നൽകി. ഈ കത്തിന്റെ അടിസ്ഥാനത്തിൽ അധികം അടവാക്കിയിട്ടുള്ള തുക തിരികെ നൽകുന്നതാണെന്ന് കത്ത് മുഖേന സൂപ്പർവൈസറെ അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-8/20.03.23) ലഭിച്ച മറുപടിയിൽ അധികം അടവ് വരുത്തിയ തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടക്കുന്നതാണെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചു. തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രാവിഷ്കൃത ഫണ്ടിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 356647/-രൂപ തടസ്സപ്പെടുത്തുന്നു.

1-26 പാലിന് ഇൻസെന്റീവ് നൽകൽ - അധികം തുക നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2 പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേരും നമ്പരും | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 0038/ 2021-22 | വികസനഫണ്ട് | 300000 | 226031 |
| ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 0040/ 2021-22 | വികസനഫണ്ട് | 350000 | 350000 |
| | ബ്ലോക്ക് പഞ്ചായത്ത് | 350000 | 86557 |

ടി പ്രോജക്ടുകൾ പ്രകാരം നാലുകോടി, പായിപ്പാട്, വെള്ളാപ്പള്ളി, പുഴവാത്, മേപ്രാൽ, വടക്കേക്കര എന്നിവിടങ്ങളിലെ ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപ ക്രമത്തിലാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഇതിൽ വെള്ളാപ്പള്ളി ക്ഷീരസംഘത്തിലേക്ക് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പാൽ നൽകിയ ഒരേ ഗുണഭോക്താക്കൾക്ക് 2 പ്രോജക്ടുകൾ പ്രകാരവും ടി കാലയളവിലെ ഇൻസെന്റീവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ക്ഷീരകർഷകരുടെ പേരും മേൽവിലാസവും | പാലളവിന് അധികം നൽകിയ ഇൻസെന്റീവ് |
|---|---|---|
| 1 | സിനിമോൾ പി.ആർ പാറയിൽ | 84 |
| 2 | ആനി ജോൺ വട്ടപ്പള്ളിൽ | 219 |
| 3 | ചന്ദ്രിക കുഞ്ഞുമോൻ ഓമണ്ണിൽ പടിഞ്ഞാറ്റേതിൽ | 372 |
| 4 | മണിയമ്മ സുധാകരൻ ഓമണ്ണിൽ | 1920 |
| 5 | പ്രസന്നകുമാരി ആശാ സദനം | 4257 |
| 6 | റീനകുമാരി നടുപ്പറമ്പിൽ | 3051 |
| | ആകെ | 9903 |

ഇപ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലെ തുക ബിൽ നം. 21080452031800861086/30.12.21, ബിൽ നം. 21080452031800893420/ 05.01.22 എന്നീ ബില്ലുകൾ പ്രകാരം അധികമായി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം./ 18.03.23) അനാരോഗ്യവും ജോലിഭാരവും മൂലം സംഭവിച്ച പിഴവാണെന്നും ക്ഷീരകർഷകരിൽ നിന്നും അധികമായി നൽകിയ 9903 രൂപ തിരികെ ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ക്ഷീരകർഷകരിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-27 പാലിന് സബ്സിഡി നൽകൽ - അക്കൗണ്ട് നമ്പരിന്റെ കൃത്യത വ്യക്തമല്ല

| പ്രോജക്ടിന്റെ പേരും നമ്പരും | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 0038/ 2021-22 | വികസനഫണ്ട് | 300000 | 226031 | നം.1/31.12.21- - 63759 നം.4/ 1.2.22 - 70743 നം.6/ 17.2.22 – 14517 നം.9/09.03.22 – 55278 നം.10/ 08.03.22 – 21734 |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരം ക്ഷീരോദ്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി തുക

ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ നിന്നും ഗുണഭോക്താക്കളുടെ പേരു വിവരങ്ങളും അക്കൗണ്ട് നമ്പറും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും ചില ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരിൽ വ്യത്യാസം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താക്കളുടെ പേര് | ക്ഷീരസംഘങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകിയ അക്കൗണ്ട് നമ്പർ | തുക നൽകിയ അക്കൗണ്ട് നമ്പർ | നൽകിയ തുക |
|---|---|---|---|---|
| 1 | ത്രേസ്യാമ്മ ജോബ് | 56026742237 | 0182013967071900001 | 750 |
| 2 | ശാന്തമ്മ കുട്ടപ്പൻ | 05033120202028 | 050331202020028 | 4587 |
| 3 | ചന്ദ്രിക കുഞ്ഞുമോൻ | 67038157203 | 40568131001927 | 1686 |
| 4 | അന്നമ്മ രാജൻ ഏഴേക്കടവിൽ | 018201398751190001 | 018201398751190701 | 4304 |

ടി ഗുണഭോക്താക്കളുടെ പാസ് ബുക്കിന്റെ വിവരവും തുകയുടെ കൈപ്പറ്റ് വിവരവും ലഭ്യമാക്കേണ്ടതാണെന്നും കൂടാതെ ഏലിക്കുട്ടി ജോസ്, ഓമന തോമസ്, സിൻസി സ്കറിയ, സിനി തോമസ് എന്നീ ഗുണഭോക്താക്കൾക്ക് തുക നൽകിയ അക്കൗണ്ട് നമ്പർ ക്ഷീരസംഘങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താക്കളുടെ പാസ് ബുക്കിന്റെ പകർപ്പ് തുകയുടെ കൈപ്പറ്റ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/ 18.03.23) ഒന്നിൽ കൂടുതൽ അക്കൗണ്ടുകളുള്ള ക്ഷീരകർഷകർക്ക് ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ആകുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും തുകകൾ ക്രെഡിറ്റായ പാസ് ബുക്കിന്റെ പകർപ്പും കൈപ്പറ്റ് രസീതും ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 നെൽ കർഷകർക്ക് പ്രൊഡക്ഷൻ ബോണസ് - തുക വിതരണം -ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം 400,000/- രൂപ (ബിൽനം- 17/21-22,6.10.21) പ്രൊഡക്ഷൻ ബോണസ് ചെലവഴിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ചെലവ് സാധൂകരിക്കുന്ന രേഖകൾ കൃഷി ഓഫീസർ (കർഷകരുടെ വിവരങ്ങൾ, സബ്സിഡി തുകയുടെ വിശദാംശങ്ങൾ,) ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-36/22/03.23) മറുപടി ലഭിച്ചില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 400,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 പാടശേഖരങ്ങൾക്ക് നെൽ വിത്ത് വാങ്ങൽ - സബ്സിഡി - നടപടിക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ | കൃഷി ഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ട് | 24/22 പാടശേഖരങ്ങൾക്ക് നെൽവിത്തിന് സബ്സിഡി |
| അടങ്കൽ | 1679130/- (പ്ലാൻ ഫണ്ട് ജനറൽ) |
| ചെലവ് ബിൽ നം | 21080452031900807580/27.12.22 – 1260180/- |
| | 21080452031900807575/27.12.22 – 339750/- |
| | 21080452031901295167/24.03.22 – 79200/- |

മേൽ പ്രോജക്ട് പ്രകാരം 88,885 Kg ( ഇൻവോയിസ് നം 251 മുതൽ 266വരെ) നെൽവിത്തുകൾ കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കേരളത്തിലെ ഡീലറായ പീടികയിൽ ഏജൻസീസ്, എടത്വ,യിൽ നിന്നും 16 പാടശേഖര സമിതികൾക്കും ,4400 കി.ഗ്രാം നെൽവിത്ത് ജി പി ആർ ട്രേഡിംഗ് കമ്പനി,ആലപ്പുഴ നിന്നും മൂന്നംവേലി പാടശേഖര സമിതിക്കും വാങ്ങിവിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം സ.ഉ (സാധ)22/2018/തസ്വഭവ, 14.02.2018 ഖണ്ഡിക 6.1.4 പ്രകാരം വി ഫ് പി സി കെ , കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, നാഷണൽ സീഡ് കോർപ്പറേഷൻ, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വിത്ത് വങ്ങാവുന്നതാണ്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ നെൽവിത്തുകൾ വാങ്ങുന്നതിന് പ്രത്യേക ഉത്തരവ്/ സർക്കാർ അംഗീകൃതസ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-36-22/03/23) മറുപടി ലഭിച്ചില്ല. ടി സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനുള്ള ഉത്തരവ് / സർക്കാർ അംഗീകൃതസ്ഥാപനമാണെന്ന് മാണന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ് .രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 1679130/-രൂപ തടസ്സപ്പെടുത്തുന്നു.

1-30 തെരുവ് വിളക്ക് മെയിന്റനൻസ്- കരാർജീവനക്കാർക്ക് വേതനം- അധിക തുക ചെലവഴിച്ചു

നിർവ്വണോദ്യോഗസ്ഥൻ- സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് | 154/22 |
| ചെലവ് , ഫണ്ട് | 290400 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| കരാറുകാരൻ | ശ്രീ. അഭിലാഷ് കെ വി |
| ബിൽ നമ്പർ | 120/27.12.2021 -200800/-<br>369/30.03.2022 -89600/- |

തെരുവ് വിളിക്ക് മെയിന്റനൻസിനായി ടെണ്ടർ ക്ഷണിച്ചതിൽ അഞ്ചു ടെണ്ടർ ലഭിക്കുകയും കുറഞ്ഞനിരക്ക് സമർപ്പിച്ച അഭിലാഷ് കെ വി എന്നയാൾക്ക് പോസ്റ്റിന് 72രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും വർക്ക് ഓർഡർ നൽകുന്നതിന് 7/10/21 ലെ 1(1) നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും പ്രവൃർത്തിനിർവ്വഹണം കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. 16 വാർഡുകളിലെ 2510തെരുവുവിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്ന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് വിളക്കൊന്നിന് 72 രൂപയ്ക്ക് പകരം 80 രൂപ നിരക്കിൽ 2510 വിളക്കുകൾക്ക് 200800 രൂപ ബിൽ (XVFC/2021-22/P/51 25/03/22) പ്രകാരം നൽകിയിട്ടുണ്ട്.

ടിയാൻ ക്വോട്ട് ചെയ്ത നിരക്കിലധികം തുക നൽകിയതിനാൽ 20080 രൂപ ഈ ബില്ല് പ്രകാരം അധികം നൽകി((80-72)X 2510).ഇതു കൂടാതെ 89600 രൂപയും കരാറുകാരന്റെ അക്കൗണ്ടിലേക്ക് (67349164727) കൈമാറിയിട്ടുണ്ട് .(XVFC/2021-22/P/66 28/03/22 )ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

ക്വോട്ട് ചെയ്ത നിരക്കിലധികം നൽകിയതിനാൽ കരാറുകാരന് 20080 രൂപ അധികമായി നൽകി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(15/20.03.2023) മറുപടി ലഭ്യമാക്കിയില്ല. .അധികം നൽകിയ20080 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്ത 89600രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി വ്യത്യസ്ത നിരക്കിൽ പ്രോജക്ട് തയ്യാറാക്കി

ഗ്രാമപഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിനായി ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി

| പ്രോജക്ട് നമ്പർ | പേര് | ഫണ്ട്, ചെലവ് | കരാറുകാരൻ നിരക്ക് |
|---|---|---|---|
| 13/22 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | തനതു ഫണ്ട്-90000/-(ബിൽ നം-76-3/11/2021) | ഹന്നാ ഇലക്ട്രിക്കൽസ്, 120 രൂപ |
| 154/22 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കരാറുകാർക്ക് വേതനം | ധനകാര്യകമ്മീഷൻ ഗ്രാന്റ്-290400(ബിൽ നം.120-27.12.21-200800/-369-30.03.22-89600/-) | അഭിലാഷ് കെ വി , 72രൂപ |

കേടായ വഴിവിളക്കുകൾ നന്നാക്കിയതിന് പോസ്റ്റ് ഒന്നിന് 72 രൂപ നിരക്കിലാണ് 154/22 എന്ന പ്രോജക്ട് പ്രകാരവും തുക ചെലവഴിച്ചത് . കേടായ വഴിവിളക്കുകൾ നന്നാക്കുന്നതിന് തന്നെ 13/22 എന്ന പ്രോജക്ട് പ്രകാരവും ടെണ്ടർ ക്ഷണിച്ച് 120 രൂപ നിരക്ക് ക്വോട്ട് ചെയ്ത ഹന്നാ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തെ നിർവ്വഹണം ഏൽപ്പിക്കുയും 750 ലൈറ്റുകൾ നന്നാക്കിയതിന് 120 രൂപ നിരക്കിൽ 90000 രൂപ ഹന്നാ ഇലക്ട്രിക്കൽസിന് നൽകുകയും ചെയ്തു

മേൽ രണ്ടു പ്രോജക്ടുകൾ പ്രകാരവും ചെയ്തത് ഒരേ ഇനം പ്രവൃത്തിയാണ്. ആയതിന് രണ്ട് വ്യത്യസ്ത നിരക്കിൽ രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (26/20.03/2023 ) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കി നിർവ്വഹിച്ചതിനാൽ പഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസിന് 36000 രൂപ അധികം ചെലവഴിക്കേണ്ടി വന്നു(750x120-750x72). മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിന്റെ ചെലവ് 90000രൂപതടസ്സപ്പെടുത്തുന്നു

1-32 പി എച്ച് സി യിലേയ്ക്ക് കംപ്യൂട്ടർ,പ്രിന്റർ വാങ്ങൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | പി എച്ച് സി യിലേയ്ക്ക് കംപ്യൂട്ടർ,പ്രിന്റർ വാങ്ങൽ 169/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 59815/- |
| ബിൽ നം | 14/09.03.2022 |

മേൽ പ്രോജക്ട് പ്രകാരം പി എച്ച് സി യിലേയ്ക്ക് കംപ്യൂട്ടറും ,പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 59815

രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനു ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ പെർഫോർമ ഇൻവോയിസ് പ്രകാരം കംപ്യൂട്ടറിന് 39797/- രൂപയും പ്രിന്ററിന് 20018 രൂപയുമാണ് വില. എന്നാൽ ഡെലിവറി ഡീറ്റയിൽസിൽ കംപ്യൂട്ടറിന്റെ വിലയായി കാണിച്ചിരിക്കുന്നത് 54954.01 (4% ടി എസ് പി ചാർജ്ജ് ഉൾപ്പെടെ) രൂപയാണ്. ഇതിന്റെ ടാക്സ് ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പ്രിന്റർ ലഭ്യമായതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രിന്ററിന്റെ ടാക്സ് ഇൻവോയിസ്, ഡെലിവറി ഡീറ്റയിൽസ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20.03.23) മറുപടി ലഭ്യമാക്കിയില്ല.പ്രോജക്ട് പ്രകാരം വാങ്ങൽ നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ,സ്റ്റോക്ക് വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ 59815രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 എഫ് എച്ച് സി യിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ- പ്രവൃത്തി പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | എഫ്. എച്ച്. സി യിലേയ്ക്ക് ഡീസൽ ജനറേറ്റർ 225/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| അടങ്കൽ | 450000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 450000/-(ബിൽ നം22/22.03.22) |

മേൽ പ്രോജക്ട് പ്രകാരം പി എച്ച് സി യിലേയ്ക്ക് ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി 450000 രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷന് കൈമാറിയിട്ടുണ്ട്. ഡീസൽ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/21.03.23) മറുപടി ലഭ്യമാക്കിയില്ല. ജനറേറ്റർ നാളിതുവരെ ലഭ്യമാകാത്തതായി ഓഡിറ്റ് നിരീക്ഷിയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി കൈമാറിയ 450000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ 114/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി എച്ച്.സി |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) -250000<br>തനത് ഫണ്ട് - 200000 |
| ബിൽ നം | 1/14.07.2021<br>ചെക്ക് നം 0581172/4.06.21 |

മേൽ പ്രോജക്ട് പ്രകാരം ആകെ ചെലവായ 450000 രൂപയിൽ 300000രൂപപി എച്ച് സി യിലേയ്ക്ക് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപറേഷന് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതായി കാണുന്നില്ല.വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/20.03.23) മറുപടി ലഭ്യമാക്കിയില്ല.മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ആയവ സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പ്രോജക്ടിനായി ചെലവഴിച്ച 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 മരുന്നുകൾ ലഭ്യമായിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് | ക്യാൻസർ ഡയാലിസിസ് രോഗികൾക്ക് മരുന്ന വാങ്ങൽ 176/22 | പി എച്ച് സിക്ക് മരുന്ന വാങ്ങൽ 18/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| അടങ്കൽ തുക/ഫണ്ടിനം | 239000/- മെയിന്റനൻസ് ഫണ്ട് റോഡിതരം | 513500/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവഴിച്ച തുക | 238998 – മെയിന്റനൻസ് ഫണ്ട് റോഡിതരം | 513424- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നം | 13/9.3.22 – 86809/-<br>16/25.03.22 – 54740/-<br>21/27.03.22 – 97449/- | 19/23.07.2021 |

മേൽ പ്രോജക്ടുകളുടെ ഭാഗമായി 752,422 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. മരുന്ന ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ,മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/21.03.2023) മറുപടി ലഭ്യമാക്കിയില്ല.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 752,422 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 മൃഗാശുപത്രിയ്ക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും | മൃഗാശുപത്രിയ്ക്ക് |

| | |
|---|---|
| നമ്പരും | കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ-0094/2021-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 51298 |
| ബിൽ നം. | 21080452031701121884/ 14.02.22 |

മേൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിയ്ക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 51298 രൂപ കെൽട്രോണിന് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. കംപ്യൂട്ടറിന് 31280 രൂപയുടെ ടാക്സ് ഇൻവോയിസും പ്രിന്ററിന് 20018 രൂപയുടെ പ്രൊഫോർമ ഇൻവോയിസുമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ പ്രിന്റർ ലഭ്യമായതിന്റെ വിവരങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. ആയതിന്റെ ടാക്സ് ഇൻവോയിസും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 19/20.03.23) കെൽട്രോണിൽ പ്രിന്ററിന്റെ സ്റ്റോക്ക് തീർന്നതിനാൽ CPRCS ൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല എന്നും പിന്നീട് 2023 ജനുവരിയിൽ മാത്രമാണ് പ്രിന്റർ വാങ്ങുന്നതിനായി റിക്വസിഷൻ നൽകുവാൻ സാധിക്കുമായിരുന്നുള്ളുയെന്നും അപ്പോൾ പ്രിന്ററിന്റെ വിലയിൽ 15000 രൂപയോളം വർദ്ധനവ് വന്നതിനാൽ വാങ്ങാൻ സാധിക്കാതെ വരുകയും പ്രിന്ററിന്റെ തുക റീ ഫണ്ട് ചെയ്ത് വാങ്ങുന്നതിനായി പഞ്ചായത്ത് കമ്മറ്റിയെ അറിയിച്ച് അനുമതി വാങ്ങിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പ്രിന്ററിന്റെ വില കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.പ്രിന്ററിന് ചെലവഴിച്ച 20018/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 അഗതി രഹിത കേരളം- വികസനഫണ്ട് ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 6/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ, ഫണ്ട് | 100000 വികസനഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 100000<br>ബിൽ നമ്പർ- 107/16.12.21 |

അഗതി രഹിത കേരളം പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 100,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ 720202010005286 നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട് . പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. മുൻവർഷങ്ങളിൽ നൽകിയ തുകകളുൾപ്പെടെ 1071450രൂപ വികസനഫണ്ട് സി ഡി എസിന്റെ അക്കൗണ്ടിൽ ബാലൻസുണ്ട്. ആശ്രയപദ്ധതിയിലുൾപ്പെട്ട 43 ഗുണഭോക്താക്കൾ ഭവനിർമ്മാണത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. വീട് മെയിന്റനൻസിനായി 21 പേരും ഉൾപ്പെട്ടിട്ടുണ്ട് . ആയതിനാൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ഭരണസമിതി അടിയന്തിരമായി വിഷയത്തിൽ ഇടപെടേണ്ടതും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.തുകയുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ

പ്രോജക്ടിനായി ചെലവഴിച്ച 100,000രൂപ തടസ്സപ്പെടുത്തുന്നു.

1-38 എൽ എസ് ജി ഡി ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 222/22 |
| നിർവ്വണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 493694 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 455600 |
| ബിൽ നമ്പർ | 342/26.03.2022 |

മേൽ പ്രോജക്ട് പ്രകാരം ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം 455600 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ തുക നിക്ഷേപിച്ച വിവരം യഥാസമയം PWDയെ അറിയിക്കാതിരുന്നതിനാൽ 18/7/22 മുതൽ നിലവിൽ വന്ന ജി എസ് റ്റി നിരക്ക് കണക്കാക്കുമ്പോൾ പ്രസ്തുത പ്രവൃത്തിക്ക് 480000/- രൂപയാണ് ആവശ്യമെന്നും അധികം വരുന്ന തുക 24400രൂപ ട്രാൻസ്ഫർ ചെയ്യണമെന്ന് 15/10/22ലെ DB@/PWD/BLD/EST/4687/22നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 80400രൂപ അടവാക്കിയിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മെഷീൻ സ്ഥാപിക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനവുമായി സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല. നാളിതുവരെജനറേറ്റർ സ്ഥാപിച്ചിട്ടുമില്ല.കൂടാതെ PWD ആവശ്യപ്പെട്ട തുകയായ 24400രൂപയിലധികം കൈമാറിയതിന്റെ അടിസ്ഥാനവും വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(26/20.03.23) മറുപടി ലഭ്യമാക്കിയില്ല.

സ ഉ (കൈ) നം 11/2018 തസ്വ ഭവ തീ 29-1-2018 ക്രമ നം 11.2 ഡി ii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ആയത് പാലിക്കാതെയാണ് തുക നല്കിയിട്ടുള്ളത്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷം ചെലവഴിച്ച 455600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ വർഷം അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-39 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക കൈമാറി.പൂർത്തീകരണ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 151/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 400000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 399562 |
| ബിൽ നമ്പർ | 1) 190/5.02.2022-170404/- 2) 191/5.02.2022-179596/- 3)366/ 30.03.2022-49562/- |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്കായി നിർവ്വഹണ ഏജൻസിയായ കെ എസ് ഇ ബിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ,പൂർത്തീകരണ തീയതി എന്നിവ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല .

. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 399562 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-40 പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നതിന്പ്രോജക്ട് തയ്യാറാക്കി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | തുക |
|---|---|
| 16/22 കുടിവെള്ളക്കരം അടവാക്കൽ | 976500(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

പഞ്ചായത്തിൽ 188 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 976500 രൂപ മേൽ പ്രോജക്ട് പ്രകാരവും 59940രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട് . സമീപ വർഷങ്ങളിൽ ടാപ്പുകളുടെ സംയുക്ത പരിശോധന വാട്ടർ അതോറ്റിയുമായി ചേർന്ന് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നം.14/20.03.23 ) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിങ്ങിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ ടാപ്പുകൾക്ക് തുക ഈടാക്കുന്നത് പരിഹരിക്കുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി പ്രതിനിധി, പഞ്ചായത്തിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയതിനനുസരിച്ച് വാട്ടർ ചാർജ് അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-41 പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നിർവ്വണോദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രോജക്ട് | അടങ്കൽ,ഫണ്ടിനം | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 153/22 വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 400000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 365559 | 1.222/19.02.2022-41166/-<br>2.223/19.02.2022-8928<br>3.224/19.02.2022-177310<br>4.226/19.02.2022-12981<br>5.273/10.03.2022-86010<br>6.367/30.03.2022-6987<br>7.368/30.03.2022-32177 |

വിവിധ റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം കെ എസ് ഇ ബി യിലേക്ക് തുക അടവാക്കിയിട്ടുണ്ട്. കെ എസ് ഇ ബിയുമായി കരാറിലേർപ്പെടാതെയാണ് തുക കൈമാറിയത് . മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (13/20.03.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 365559/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-42 പൈപ്പ് ലൈൻ ദീർഘീകരണം - പൂർത്തീകരണവിവരമില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ/സ്ഥാപനങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറ്റിക്ക് തുക അടവാക്കിയിട്ടുണ്ട്

| ക്രമനമ്പർ | പ്രോജക്ട് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | 199/22 ടേക്ക് എ ബ്രേക്കിൽ കുടിവെള്ളം | 115000 സി എഫ് സി | 327/26.03.2022 |
| 2 | 118/22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 300000 സി എഫ് സി | 221/19.02.2022 |
| 3 | 231/22 വാർഡ് V പഴയ പൈപ്പ് ലൈൻ മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 482590 സിഎഫ്സി 392410 തനത് ഫണ്ട് | (ചെക്ക് നമ്പർ 0581807/30.03.22 ) |
| 4. | 223/22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ അധികതുക വകയിരുത്തൽ | 60000 തനത് ഫണ്ട് | (ചെക്ക് നമ്പർ 3491693/28.02.22 ) |

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. സ ഉ (കൈ) നം 11/2018 തസ്വഭവ തീ 29-1-2018 ക്ര നം 11.2 ഡി ii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ആയത് പാലിക്കാതെയാണ് തുക നല്കിയിട്ടുള്ളത്. ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടില്ല.

2.2020-21 വർഷം മൂന്ന് റോഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക, എസ്റ്റിമേറ്റ് അധികരിച്ചതിനാൽ (പുതുക്കിയ നിരക്ക് വന്നതിനാൽ) അധിക തുക നിക്ഷേപിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കു എന്ന് വാട്ടർ അതോറിറ്റിയുടെ 23/12/21ലെ DB1-9664/2021 നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ക്രമനമ്പർ നാലിൽ പരാമർശിക്കുന്ന പ്രോജക്ടിന് തുക നിക്ഷേപിച്ചത്. പുതുക്കിയ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല

3.മേൽ പ്രോജക്ടുകൾ പൂർത്തികരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (16/20.03.2023) ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരണ വിവരം വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടുകളുടെ ചെലവ് തുകയായ 1350000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം 1999-2000 മുതൽ നാല്പതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ

പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുത എല്ലാ കേസുകളിലും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ, (11860,16000) രൂപ വീതം ഓഡിറ്റ് വർഷങ്ങളിൽ ചെലവഴിച്ചത്) വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല.

ഓഡിറ്റുവർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിയ്ക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത ഫോമാറ്റിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-44 ക്ലീൻ കോട്ടയം --ഗ്രീൻ കോട്ടയം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം VEO നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടായിരുന്നു ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ & പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| 127/22 ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം- ബക്കറ്റ് കമ്പോസ്റ്റ് വിതരണം | 296400<br>(CFC Tied)<br>99400<br>(PBIG)<br>99400(ഗുണഭോക്തൃവിഹിതം) | 76800 (ബിൽ നം.96/10.12.2021-51800 337/26.03.2022-25000)<br>(CFC Tied)<br>99400<br>(PBIG)( ചെക്ക് നം.05438/28.03.2022)<br>75000(ഗുണഭോക്തൃവിഹിതം) |
| ആകെ | 495200 | 251200 |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1. പദ്ധതി വിഹിതം (60%), PBIG(30%) ഗുണഭോക്തൃവിഹിതം (10%) എന്ന രീതിയിലായിരുന്നു തുക വകയിരുത്തൽ . പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല.

2. പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതമായി 75000രൂപ വരവ് വന്നിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട് .എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ബക്കറ്റ് കമ്പോസ്റ്റ്, കിച്ചൻ ബിൻ എന്നിവ പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ എന്നതിന്റെ കൃത്യതയും വ്യക്തമല്ല.

4. എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ട് ആണെന്നും പ്രോജക്ടിന്റെ ഫലപ്രാപ്തിയും മോണിട്ടറിംഗ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാണമെന്നാവശ്യപ്പെട്ടു നൽകിയ

47/23.03.2023 നം.ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

സ്പിൽ ഓവറായി നിർവ്വഹിയ്ക്കാൻ തീരുമാനിച്ചിരുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ടിയിനത്തിൽ ചെലവഴിച്ച 251200രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 പഠനമുറി -പൂർത്തിയാക്കിയിട്ടില്ല

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായ മുൻ വർഷ പ്രോജക്ട് പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ശേഷിയ്ക്കുന്ന തുക നൽകുന്നതിന് 141/22 നമ്പരായി പ്രോജക്ടിൽ തുക (50000 രൂപ) വകയിരുത്തിയിരുന്നെങ്കിലും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ചെലവുണ്ടായില്ല.

| പേര് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|
| ആദിദേവ് വി എസ്, വാഴപ്പറമ്പിൽ പായിപ്പാട് | 150000 |

പഠനമുറി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(48/23.03.2023) മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ചെലഴിച്ച തുക ഈടാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-46 വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021 ലെ സ.ഉ.(സാധാ) നം. 1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധിക മാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021 ലെ സ.ഉ.(സാധാ) നം. 1607/2021/ ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/കമ്മിറ്റി കോ-ഓർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരൂപിക്കുന്നതിന് മേൽ ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസനിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി ബാങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. കൂടാതെ ഈ പുതിയ സംയുക്ത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ – ഓർഡിനേറ്ററായ വി. ഇ. ഒ അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

ഓഡിറ്റ് വർഷം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി നടത്തിയ പരിശീലനത്തിന് 20833/- (9960 രൂപ 22100570/20.10.2022 നമ്പർ വൗച്ചർ, 3280 രൂപ-22100955/15.2.2022 നമ്പർ, 7593 രൂപ 22100944/15.2.2022 നമ്പർ വൗച്ചർ) ചെലവഴിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/23.03.2023) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-47 ഹരിത കർമ്മസേന- സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 230/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 210000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 142900 (ധനകാര്യ കമ്മീഷൻ അവാർഡ്) |

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വാസഗൃഹങ്ങളിലും വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലും കെട്ടിട നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ മൊബൈൽ ആപ്പിലൂടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ക്യൂ.ആർ കോഡ് ഉപയോഗിച്ച് ലിങ്ക് ചെയ്യും. പ്രസ്തുത ക്യൂ ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്ന നടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ സൂചിത വസ്തുതകളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി കളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-48 പ്രത്യേക കന്നുകുട്ടി പരിപാലനം – 59920 രൂപയുടെ വിനിയോഗ വിവരം ലഭ്യമാകാനവശേഷിക്കുന്നു

പ്രോജക്ട് നമ്പർ – 0202/2021-22

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി 16 കിടാരികൾക്കുള്ള പഞ്ചായത്ത് വിഹിതം 200000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം. 21020452031701301948/ 10.03.22) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയതിൽ 140080 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 59920/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

1-49 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- ബ്ലോക്ക് വിഹിതം പൂർണ്ണമായും ചെലവഴിക്കാഞ്ഞതിനാൽ തുക നഷ്ടപ്പെട്ടു

| | |
|---|---|
| പ്രോജക്ട് | 201/22 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 630000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെക്ക് നമ്പർ | 3298523/31.03.22 |

ഗ്രമപഞ്ചായത്തിന്റെ വിവിധ ഇടങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 646071 രൂപയും തനത് ഫണ്ട് 40000 രൂപയുമുൾപ്പെടെ 686071 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. നിർവ്വഹണം നടത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തി കരാറിലേർപ്പെട്ടു. ടി പ്രോജക്ടിനായി മാടപ്പള്ളി ബ്ലോക്കിൽ നിന്നും 641071 രൂപ ഗ്രാമപഞ്ചായത്തിന് 26/02/22ൽ ലഭിച്ചിരുന്നു. കെൽട്രോണിന്റെ 17.12.21ലെ Kld/mktg/2021-22/234 നമ്പരായി 630000രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ചെലവിന്റെ 50% 315000 രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് 31/03/22ൽ മാറ്റി നൽകി. പ്രോജക്ട് പൂർത്തിയാക്കി കെൽട്രോൺ 10/08/22ൽ പൂർത്തീകരണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് തുകയായ 315000/- രൂപ തൻവർഷം സ്ഥാപനത്തിന് നൽകുവാൻ സാധിച്ചില്ല. ജി ഒ പി 86/2021/ഫിൻ 30/09/21പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ലഭ്യമായ തുക അതാത് സാമ്പത്തിക വർഷം ചെലവഴിച്ചില്ലെങ്കിൽ സോഴ്സ് ഹെഡ് അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കണം എന്ന് വ്യവസ്ഥ പാലിച്ച് അവശേഷിച്ച 326071/- രൂപ ട്രഷറി നേരിട്ട് തിരികെ അടവാക്കി. തുക സർക്കാർ തിരികെ എടുത്തതിനാൽ കെൽട്രോണിന്റെ ബാക്കി തുക നൽകിയിട്ടില്ല എന്ന് കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തുകയും യഥാർത്ഥത്തിൽ ചെലവാകാതെ സർക്കാർ തിരികെ എടുത്ത സാഹചര്യവുമാണ് നിലവിലുള്ളത്. സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ സമയക്രമം പാലിക്കുന്നതിന് പഞ്ചായത്തിന് വീഴ്ച സംഭവിച്ചതിനാലാണ് തുക നഷ്ടമാകാനിടയായത്. ടി തുക തുടർവർഷങ്ങളിൽ മറ്റ് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 33-22/03/22) തുക തിരികെ ലഭ്യമാക്കുന്നതിന് ട്രഷറിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും കൂടാതെ 22/11/22 ലെ കമ്മിറ്റി തീരുമാനപ്രകാരം തുക ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കി. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുകകൾ സർക്കാർ നിഷ്കർഷിച്ച സമയപരിധി പാലിച്ച് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും ലാപ്സായ തുക ലഭ്യമാക്കുന്നതിന് ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-50 ഡി പി സി കെട്ടിടനിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

നിർവ്വണോദ്യോഗസ്ഥൻ -സെക്രട്ടറി

| | |
|---|---|
| പ്രോജക്ട്- | 156/22 |
| ചെലവ് | 100000(സിഎഫ്സി) |
| ബിൽ നമ്പർ | 95/09.12.2021 |

മേൽ പ്രോജക്ട് പ്രകാരം 100000/- രൂപ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (11/20.03.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

### 1-51 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ കെ എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 100000/- രൂപ (പ്രൊജക്റ്റ് നമ്പർ 8/22 ബിൽ

നം.9/10.06.2021-വികസനഫണ്ട് ജനറൽ) ഐ കെ എം, തിരുവനന്തപുരം - ന്റെ പേരിൽ നൽകിയിട്ടുണ്ട് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ആയത് ലഭ്യമാക്കേണ്ടതാണ്.

1-52 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 178-ാം നമ്പർ പ്രോജക്ടായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 വർഷം 2000000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റും 210000 രൂപ ശുചിത്വ മിഷൻ ഫണ്ടും ഉൾപ്പെടെ 2210000 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. 67.21 ചതുരശ്രമീറ്റർ വിസ്തൃതിയിൽ പായിപ്പാട് മാർക്കറ്റിനുള്ളിൽ യൂണിറ്റുകൾ പണിയുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. 1113245 രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് 2021-22 വർഷം പ്രോജക്ട് പൂർത്തിയായില്ല. ടി കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷന് ആവശ്യമുള്ള ഇനങ്ങൾ, ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് നിർമ്മാണം പൂർത്തിയാക്കി ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

1-53 ആസൂത്രണസമിതി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

21-22 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഡി പി സി അംഗീകരിച്ചതും തുക ചെലവഴിച്ചതുമായ താഴെപറയുന്ന പ്രോജക്ടുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

| പ്രോജക്ട് | നിർവ്വണോദ്യോഗസ്ഥൻ | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 12/22 എസ് എസ്കെ വിഹിതം അടവാക്കൽ | ഹെഡ് മാസ്റ്റർ, ഗവ.യുപി സ്കൂൾ | 82285, (വികസന ഫണ്ട് ജനറൽ) 477723 (തനത് ഫണ്ട്) ആകെ-560008 | 82285 (വികസന ഫണ്ട് ജനറൽ) | 50/24.09.21 |
| 33/22,സുഭിക്ഷ കേരളം പദ്ധതി -ഫലവൃക്ഷ | കൃഷി ഓഫീസർ | 49689(വികസന ഫണ്ട് ജനറൽ ) 10000(തനത് ഫണ്ട്)75000( | 49689 (വികസന ഫണ്ട് ജനറൽ ) | 116/22.12.21 – 26912/ 215/15.02.22 -15127 |

| | | | | |
|---|---|---|---|---|
| | തൈവിതരണം | മറ്റുള്ളവ )<br>ആകെ 213875 | | 291/16.03.22<br>-7650 |

മേൽ പ്രോജക്ടുകൾ സുലേഖയിൽ ഉൾട്ടത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(4/18.03.2023, 22/20.03.2023) പ്രോജക്ട് റിവിഷനിൽ വന്ന അപാകത മൂലമാണ് ചെലവ് സുലേഖയിൽ വരാത്തതെന്ന് ഹെഡ് മാസ്റ്റർ, ഗവ.യുപി സ്കൂൾ മറുപടി ലഭ്യമാക്കി. അപാകതയ്ക്ക് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരം വാങ്ങുന്നതിലും കൃത്യതയും ജാഗ്രതയും പുലർത്തേണ്ടതുമാണ്.

1-54 ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ എഫ് എച്ച് സി ക്ക സമീപം 2019-20 വർഷം നിർമ്മിച്ച വയോജനവിജ്ഞാനവിശ്രമകേന്ദ്രത്തിന്റെ കെട്ടിടം പരിപാലനത്തിന്റെ അഭാവത്താൽ പ്രയോജനപ്പെടുത്താൻ സാധിച്ചില്ല.




തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ (ആർ.ടി) 166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് &മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും(AMP) തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം

യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ്(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് നിർമ്മാണപ്രവൃത്തിയിലെ പ്രോജക്ട് ഫയലിലും ഇത്തരത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 7/18.03.23) മറുപടി ലഭ്യമാക്കിയില്ല.

1-55 സി.എഫ് .എൽ .റ്റി.സി/ഡി.സി.സി -നടത്തിപ്പ് സംബന്ധിച്ച്

പായിപ്പാട് ഗ്രാമപഞ്ചായത്തിലെ ബൈബിൾ സ്കൂൾ സെന്ററിലാണ് സ.ഉ.(സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം ഡിസിസി പ്രവർത്തിച്ചിരുന്നത്(4/2020 മുതൽ 09/2021 വരെ)ഡിസിസി/സിഎഫ് എൽ റ്റി സി നടത്തിപ്പിനായി443095രൂപ 2021-22 വർഷം ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. മുൻ വർഷങ്ങളിലുൾപ്പെടെ 734335 രൂപ വിവിധ ഉത്തരവുകൾ പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA) നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, ട്രാൻസ്പോർട്ടേഷൻ, കുടിവെള്ളം, സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ), മൊബൈൽ ഫോൺ ചാർജിങ്, ക്ലീനിംഗ് & റിപ്പയർ, ഭക്ഷണം, ഹോണറേറിയം, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചത്.

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ചങ്ങനാശ്ശേരി സബ് ട്രഷറിയിൽ അക്കൗണ്ട് 03/08/2020-ൽ തുടങ്ങിയിരുന്നു. പ്രസ്തുത അക്കൗണ്ടിലൂടെയായിരുന്നു പണമിടപാട് നടത്തിയിരുന്നത്. 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പാലിന് ഇൻസെന്റീവ് നൽകൽ - അധികം തുക നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2 പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേരും നമ്പരും | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 0038/ 2021-22 | വികസനഫണ്ട് | 300000 | 226031 |
| ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 0040/ 2021-22 | വികസനഫണ്ട് | 350000 | 350000 |
| | ബ്ലോക്ക് പഞ്ചായത്ത് | 350000 | 86557 |

ടി പ്രോജക്ടുകൾ പ്രകാരം നാലുകോടി, പായിപ്പാട്, വെള്ളാപ്പള്ളി, പുഴവാത്, മേപ്രാൽ, വടക്കേക്കര എന്നിവിടങ്ങളിലെ ക്ഷീരോദ്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപ ക്രമത്തിലാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഇതിൽ വെള്ളാപ്പള്ളി ക്ഷീരസംഘത്തിലേക്ക് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പാൽ നൽകിയ ഒരേ ഗുണഭോക്താക്കൾക്ക് 2 പ്രോജക്ടുകൾ പ്രകാരവും ടി കാലയളവിലെ ഇൻസെന്റീവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ക്ഷീരകർഷകരുടെ പേരും മേൽവിലാസവും | പാലളവിന് അധികം നൽകിയ ഇൻസെന്റീവ് |
|---|---|---|
| 1 | സിനിമോൾ പി.ആർ പാറയിൽ | 84 |
| 2 | ആനി ജോൺ വട്ടപ്പല്ലിൽ | 219 |
| 3 | ചന്ദ്രിക കുഞ്ഞുമോൻ ഓമണ്ണിൽ പടിഞ്ഞാറ്റേതിൽ | 372 |
| 4 | മണിയമ്മ സുധാകരൻ ഓമണ്ണിൽ | 1920 |
| 5 | പ്രസന്നകുമാരി ആശാ സദനം | 4257 |
| 6 | റീനകുമാരി നടുപ്പറമ്പിൽ | 3051 |
| | ആകെ | 9903 |

ഇപ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലെ തുക ബിൽ നം. 210804520318000861086/30.12.21, ബിൽ നം. 210804520318000893420/ 05.01.22 എന്നീ ബില്ലുകൾ പ്രകാരം അധികമായി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം./ 18.03.23) അനാരോഗ്യവും ജോലിഭാരവും മൂലം സംഭവിച്ച പിഴവാണെന്നും ക്ഷീരകർഷകരിൽ നിന്നും അധികമായി നൽകിയ 9903 രൂപ തിരികെ ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ക്ഷീരകർഷകരിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

3-2 തെരുവ് വിളക്ക് മെയിന്റനൻസ്- കരാർജീവനക്കാർക്ക് വേതനം- അധിക തുക ചെലവഴിച്ചു

നിർവ്വണോദ്യോഗസ്ഥൻ- സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് | 154/22 |
| ചെലവ് , ഫണ്ട് | 290400 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| കരാറുകാരൻ | ശ്രീ. അഭിലാഷ് കെ വി |
| ബിൽ നമ്പർ | 120/27.12.2021 -20800/-<br>369/30.03.2022 -89600/- |

തെരുവ് വിളിക്ക് മെയിന്റനൻസിനായി ടെണ്ടർ ക്ഷണിച്ചതിൽ അഞ്ച് ടെണ്ടർ ലഭിക്കുകയും കുറഞ്ഞനിരക്ക് സമർപ്പിച്ച അഭിലാഷ് കെ വി എന്നയാൾക്ക് പോസ്റ്റിന് 72രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും വർക്ക് ഓർഡർ നൽകുന്നതിന് 7/10/21 ലെ 1(1) നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും പ്രവൃർത്തിനിർവ്വഹണം കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. 16 വാർഡുകളിലെ 2510തെരുവുവിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്ന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് വിളക്കൊന്നിന് 72രൂപയ്ക്ക് പകരം 80 രൂപ നിരക്കിൽ 2510 വിളക്കുകൾക്ക് 200800രൂപ ബിൽ (XVFC/2021-22/P/51 25/03/22) പ്രകാരം നൽകിയിട്ടുണ്ട്.

ടിയാൻ ക്വോട്ട് ചെയ്ത നിരക്കിലധികം തുക നൽകിയതിനാൽ 20080രൂപ ഈ ബില്ല് പ്രകാരം അധികം നൽകി((80-72)X 2510).ഇത് കൂടാതെ 89600രൂപയും കരാറുകാരന്റെ അക്കൗണ്ടിലേക്ക് (67349164727) കൈമാറിയിട്ടുണ്ട് .(XVFC/2021-22/P/66 28/03/22 )ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

ക്വോട്ട് ചെയ്ത നിരക്കിലധികം നൽകിയതിനാൽ കരാറുകാരന് 20080 രൂപഅധികമായി നൽകി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(15/20.03.2023) മറുപടി ലഭ്യമാക്കിയില്ല. .അധികം നൽകിയ20080 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്ത 89600രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 17.03.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം (സുലേഖ ചെലവ് പത്രിക പ്രകാരം)

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,മാടപ്പള്ളി | 630000 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് | 630000 | 0 |

| | | | | |
|---|---|---|---|---|
| | | സ്ഥാപിക്കൽ ,201/21-22 | | |
| ബ്ലോക്ക് പഞ്ചായത്ത്,മാടപ്പള്ളി | 300000 | ശാരീരിക മാനസിക -വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 2/21-22 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 100000 | അംഗനവാടി പോഷകാഹാര പദ്ധതി 1/21-22 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,മാടപ്പള്ളി | 300000 | ലൈഫ് ഭവന പദ്ധതി (ജനറൽ) 134/21-22 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,മാടപ്പള്ളി | 200000 | ലൈഫ് ഭവന പദ്ധതി (ജനറൽ) 97/21-22 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,മാടപ്പള്ളി | 86557 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 40/21-22 | 86557 | |
| ആകെ (ബ്ലോക്ക് പഞ്ചായത്ത്) | 1616557 | | 1616557 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 200000 | ലൈഫ് ഭവന പദ്ധതി (ജനറൽ) 97/21-22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 200000 | ശാരീരിക മാനസിക -വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 2/21-22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 150000 | അംഗനവാടി പോഷകാഹാര പദ്ധതി 1/21-22 | 150000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 235000 | ശാരീരിക മാനസിക -വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 140/21-22 | 235000 | |
| ആകെ (ജില്ലാ | 785000 | | 785000 | 0 |

| പഞ്ചായത്ത്) | | | | | |
|---|---|---|---|---|---|

സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം സുലേഖ പത്രിക പ്രകാരമുള്ള വരവുചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 199/22 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രത്തിൽ കുടിവെള്ള കണക്ഷൻ | 1150000 | - | 1150000 |
| കെഎസ്ഇബി, തൃക്കൊടിത്താനം | 153/22 വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 365559 | - | 365559 |
| കെഎസ്ഇബി, തൃക്കൊടിത്താനം | 151/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 399562 | | 399562 |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 118/22 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | - | 300000 |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 231/22 വാർഡ് 5 പഴയ പൈപ്പ് ലൈൻ മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 482590 | - | 482590 |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 223/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അധിക തുക വകയിരുത്തൽ | 60000 | - | 60000 |
| പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | 225/22 പി എച്ച് സി യിലേയ്ക്ക് ഡീസൽ ജനറേറ്റർ | 450000 | | 450000 |

| | | | | |
|---|---|---|---|---|
| പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | 222/22 എൽ എസ് ജി ഡി ഓഫീസിലേക്ക് ഡീസൽ ജനറേറ്റർ വാങ്ങൽ | 455600 | | 455600 |
| ആകെ | | 3663311 | | 3663311 |

നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC LOAN ലൈഫ് ഭവന പദ്ധതി | 5342768 | | *880000 | - | 4462768 |

* തൻ വർഷം വികസനഫണ്ട് ജനറലിൽ നിന്നും 791999 രൂപയും എസ്.സി.പിയിൽ നിന്നും 88001 രൂപയും കുറവ് ചെയ്തിരുന്നു.ആയത് ജി.ഒ പ്രോജക്ട് മുഖേന സുലേഖയിൽ ക്രമീകരിയ്ക്കാത്തതിനാൽ വാർഷികകണക്കിലും സുലേഖ പത്രികയിലും ലോൺ തിരിച്ചടവിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല.

### 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2012-13 | 2-6 | 50 | ഷീലമ്മ തമ്പി | 121020104430 Dtd 14/03/2022 |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.1<br>2.2.2 | 2016-17 | ഖണ്ഡിക - 1 അനുബന്ധം-3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.3.1, 2, 3, 4, 5 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5.1<br>2.5.2<br>2.5.3 | 2016-17 | ഖണ്ഡിക - 2 അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 94432221 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76897269 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 29983 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7556929 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർ ചാർജ് ചെയ്യാവുന്നവ | |
| 3-1 (1-26) | | 9903 | ശ്രീമതി ജയലക്ഷ്മി എൻ, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-2 (1-30) | | 20080 | ശ്രീമതി ലിറ്റിതോമസ്, സെക്രട്ടറി |
| ആകെ | | 29983 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 337376 | ശ്രീ.മനോജ് പി ജെ, ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 1-25 | 356647 | ശ്രീമതി അന്ന മാത്യൂ, ഐ സിഡിഎസ് സൂപ്പർ വൈസർ |
| 1-28 | 400000 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-29 | 1679130 | ശ്രീമതി ഫസ്‌ലീന എ, കൃഷി ഓഫീസർ |
| 1-30 | 89600 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-31 | 90000 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-32 | 59815 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-33 | 450000 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-34 | 300000 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-35 | 752422 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-36 | 20018 | ഡോ.സരിത തങ്കച്ചൻ, വെറ്ററിനറി സർജൻ |
| 1-37 | 100000 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-38 | 455600 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-39 | 399562 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-41 | 365559 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-42 | 1350000 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-44 | 251200 | ശ്രീ.കൃഷ്ണകുമാർ ജി, വി ഇ ഒ |
| 1-50 | 100000 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| ആകെ | 7556929 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയലക്ഷ്മി എൻ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ,പായിപ്പാട് ഗ്രാമപഞ്ചായത്ത് | പത്മവിലാസം ബംഗ്ലാവ്, കോടിമത പി ഒ കോട്ടയം |
| ശ്രീമതി ലിറ്റിതോമസ്, | സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത് | വെണ്ണാലിൽ, ളായിക്കാട് പി ഒ, |

| | | |
|---|---|---|
| സെക്രട്ടറി | | കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.കെ.പി3/210/98/16.5.98 /3.9.99 | |
| 01-02 | എൽ.എഫ്.കെ.പി8/906/07 22.04.09 | 4 |
| 03-04 ചെലവ് | എൽ.എഫ്.കെ.പി8/165/07/04.07.09 | 13 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2022)165(1) /2022/5.08.22 | 1 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2022)165(4) /2022/5.08.22 | 4 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2022)165(5) /2022/5.08.22 | 1 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2022)165(6) /2022/5.08.22 | 1 |
| 12-13 | കെ.എസ്.എ-കെ.ടി.എം.പി10/997 /2022/5.08.22 | 7 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി10/998 /2022/16.06.22 | 24 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി10/992 /2022/5.08.22 | 11 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി10/991 /2022/5.08.22 | 8 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി10/1000 /22/10.08.2022 | 45 |
| 17-18 | കെ.എസ്.എ-കെ.ടി.എം.പി10/2024 /18/03.05.19 | 40 |
| 18-19 | കെഎസ്എ.കെടിഎം.പി.10/1187 /22/10.08.22 | 10 |
| 19-20 | കെഎസ്എ.കെടിഎം.പി.10/1592 /22/25.01.22 | 10 |
| 20-21 | കെഎസ്എ.കെടിഎം.പി.10/1593 /21/09.06.22 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്